LIBRARY ARCHIVES Kerala Legislative Assembly

സർക്കാരുമായി കൂടിയാലോചിക്കുകയോ സർക്കാരിന്റെ മുൻകൂർ അനുമതി തേടുകയോ ചെയ്തിട്ടില്ല. പ്രസ്തുത സിൻഡിക്കേറ്റ് യോഗത്തിൽ സർക്കാരിന്റെ പ്രതിനിധികൾ എതിർപ്പ് രേഖപ്പെടുത്തിയിരുന്നു. എന്നാൽ സർക്കാരിന്റെ അഭിപ്രായം അവഗണിച്ചുകൊണ്ട് സംസ്ഥാനത്തിനകത്തും പുറത്തും സ്വകാര്യ ഏജൻസികൾക്ക് പഠനകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികളുമായി സർവ്വകലാശാല മുന്നോട്ടുപോകുകയും ഇക്കാര്യങ്ങൾ സർക്കാർ സർവ്വകലാശാലയുടെ ചാൻസലറായ ബഹുമാനപ്പെട്ട ഗവർണ്ണറുടെ ശ്രദ്ധയിൽ കൊണ്ടുവരുകയുമുണ്ടായി. ബഹുമാനപ്പെട്ട ഗവർണ്ണർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും 30-5-2015-ൽ സർക്കാരിന്റെയും സർവ്വകലാശാലയുടെയും ഇതുസംബന്ധിച്ച വാദമുഖങ്ങൾ കേൾക്കുകയുമുണ്ടായി. തുടർന്ന് 17-1-2013-ൽ സിൻഡിക്കേറ്റ് എടുത്തിരുന്ന തീരുമാനപ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല അന്യായമായി അനുവദിച്ച 77 ഓഫ് ക്യാമ്പസ് സെന്ററുകൾ നിർത്തലാക്കണമെന്നും മുൻകാലങ്ങളിൽ സർക്കാരിന്റെ അനുമതിയില്ലാതെ സർവ്വകലാശാലയുടെ അധികാരപരിധിക്കകത്തും പുറത്തും ആരംഭിച്ച എല്ലാ ഓഫ് ക്യാമ്പസ് സെന്ററുകളും അടിയന്തരമായി അടച്ചുപൂട്ടണമെന്നും ബഹുമാനപ്പെട്ട ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത ഓഫ് ക്യാമ്പസ് സെന്ററുകളിൽ നിലവിൽ പ്രവേശനം നേടി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പഠനം തുടരുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് സർവ്വകലാശാല ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. 20-06-2015-ലെ 3529/എസ്.ഡി.3/2015-ാം നമ്പർ ഉത്തരവുപ്രകാരം ചാൻസലറുടെ നടപടി അംഗീകരിച്ച് നടപ്പിലാക്കിക്കൊണ്ടും മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്റ്റാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ നിർത്തലാക്കിയ ഓഫ് ക്യാമ്പസ് സെന്ററുകളിൽ നേരത്തെ അഡ്മിഷൻ നേടി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പഠനം തുടരുന്നതിനും പൂർത്തീകരിക്കുന്നതിനും സർവ്വകലാശാല ബാദ്ധ്യസ്ഥമാണ്.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, അതുസംബന്ധിച്ച നിർദ്ദേശം കൊടുക്കണം. അവരത് ചെയ്തിട്ടില്ലെന്നുള്ളതാണ് പ്രശ്നം.

11. താലൂക്ക് ആശുപത്രിയായി ഉയർത്തൽ

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : സർ, മങ്കട സി.എച്ച്.സി.-യുടെ പ്രശ്നം നിരവധി പ്രാവശ്യം ഈ സഭയിൽ ഉന്നയിച്ചതാണ്. കഴിഞ്ഞ ബഡ്ജറ്റ്

പ്രസംഗത്തിന് മറുപടി പറയവേ 29-1-2014-ൽ മങ്കട സി.എച്ച്.സി. താലൂക്കാശുപത്രിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഉറപ്പ് നൽകിയിരുന്നു. ഒരു പി.എച്ച്.സി.-യുടെ അവസ്ഥയിലാണ് ഈ സി.എച്ച്.സി. പോകുന്നത്. ധനകാര്യ വകുപ്പിന്റെ നിയന്ത്രണങ്ങൾ കാരണം ഇതിന്റെ നടപടിക്രമങ്ങളിലേയ്ക്ക് കടക്കാത്ത സാഹചര്യത്തിൽ ആ താലൂക്കിലെ മുഴുവൻ ജനങ്ങൾക്കും ഏക ആശ്രയമായ മങ്കട സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് നടപ്പിലാകുന്നതുവരെ ഒരു സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേണെങ്കിലും അടിയന്തരമായി അനുവദിച്ചുകൊണ്ട് ജനങ്ങളെ സഹായിക്കണമെന്നും ഈ അവഗണന അവസാനിപ്പിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, മലപ്പുറം ജില്ലയിലെ മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് 2014-15-ലെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതുസംബന്ധിച്ച് സർക്കാരിന് ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചതിൽ അറുപത്തിയെട്ടോളം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനവ്യയ നിയന്ത്രണം നിലനിന്നിരുന്നതിനാൽ കഴിഞ്ഞവർഷം പരിഗണിക്കാൻ കഴിഞ്ഞില്ല. വീണ്ടും ഈ വർഷം ധനകാര്യ വകുപ്പിന്റെ അംഗീകാരം തേടിക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സി.എച്ച്.സി. സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിന് പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യേണ്ടതുണ്ട്. എന്തായാലും പ്രസ്തുത ആശുപത്രിയിൽ അടിയന്തരമായി എൻ.ആർ.എച്ച്.എം. മുഖേന ഡോക്ടർമാരെ നിയമിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. താലൂക്കാശുപത്രിയുടെ പോസ്റ്റ് ക്രിയേഷനുമായി ബന്ധപ്പെട്ട് ഈ വർഷംതന്നെ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്.

VII മേശപ്പുറത്തുവച്ച കടലാസുകൾ

(1) ചട്ടം 47 (2) അനുസരിച്ചുള്ള ലിസ്റ്റ് - I പ്രകാരം

1. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2396, അഞ്ചാം സമ്മേളനത്തിലെ 4245, 4257 ഒൻപതാം സമ്മേളനത്തിലെ 2612,

LIBRARY ARCHIVES Kerala Legislative Assembly